ജൂൺ ലക്കം

# കേരളീയം

തൃശൂർ ലക്കം 6 പുസ്തകം 11 2010 ജൂൺ പേജ് 16 വില 10 രൂപ

## ഉള്ളടക്കം

"സി.പി.എം ഇപ്പോൾ ലോകബാങ്കിന്റെ ഭാഷയിലാണ് സംസാരിക്കുന്നത്. എന്ത് വികസനമാണ് വരുന്നത് എന്നതിനെക്കുറിച്ച് വികസന വാദികൾക്ക് വ്യക്തമായ ധാരണയില്ല. വികസനം അമൂർത്തമായ എന്തോ ഒന്നായാണ് ഇന്ന് അവതരിപ്പിക്കപ്പെടുന്നത്. പുനരധിവാസമെന്ന വാഗ്ദാനവും പൊള്ളയാണെന്നതിന്റെ തെളിവാണ് ഇന്നും താത്കാലിക ഷെഡിലുറങ്ങുന്ന മൂലമ്പിള്ളിക്കാർ."

**– സി.ആർ. നീലകണ്ഠനുമായി കേരളീയം നടത്തിയ സംഭാഷണം**

ഭോപ്പാൽ ദുരന്തത്തിൽ ആൻഡേഴ്സൺ ചെയ്തതിനേക്കാൾ ഒട്ടും കുറവല്ല പ്ലാച്ചിമടയിലെ ജനങ്ങളോട് വ്യവസായ വകുപ്പ് സെക്രട്ടറി ചെയ്തതെന്ന് പത്രങ്ങളൊന്നും ചർച്ച ചെയ്യാതിരുന്നതെന്തേ?

**– കണ്ണീർ വ്യാകരണം**

മരം നട്ടാൽ കാടാകില്ല. ശോഷിച്ചു പോകുന്ന കാടുകൾ, ആഗോളതാപനത്തിന് മരമാണ് മറുപടി എന്ന വാചകത്തെ നോക്കി കൊഞ്ഞനം കുത്തുന്നു.

**– കാടിന്റെ ഹൃദയത്തിൽ തൊടുമ്പോൾ**

**ദേശീയപാത വികസനം: സർവകക്ഷിയോഗം പ്രധാനമന്ത്രിക്ക് നൽകിയ നിവേദനം**

**കൊക്കക്കോളയെ മാതൃകയാക്കണമെന്ന് മന്ത്രി എളമരം**

**ലാലൂർ; മുഖ്യമന്ത്രിയുടെ പദ്ധതി പൊളിച്ചു**

## അറിയിപ്പുകൾ

പരിസ്ഥിതി സൗഹൃദ ചെലവില്ലാ പ്രകൃതി കൃഷി ശില്പശാല - 2010 ആഗസ്റ്റ് 27 മുതൽ 30 വരെ, അഷ്ടമിച്ചിറ നവരത്ന ഹാളിൽ. ബന്ധങ്ങൾക്ക് - 9495548673

കാതിക്കുടം നിറ്റാജലാറ്റിൻ കമ്പനിക്കെതിരെ ആക്ഷൻ കൗൺസിൽ സത്യഗ്രഹം ആരംഭിച്ചു. ബന്ധങ്ങൾക്ക് - 9745143069

**വായനക്കാരുടെ പ്രതികരണങ്ങൾ**

അറിയിപ്പുകൾ, അഭിപ്രായങ്ങൾ എല്ലാം
എഴുതുക/വിളിക്കുക/അയക്കുക
കേരളീയം, കൊക്കാലെ, തൃശൂർ-21
ഫോൺ : 0487-2421385, 9446576943
e-mail : robinkeraleeyam@gmail.com

# ശോഭ ഹൈടെക് സിറ്റിക്ക് സമീപം ഭൂമാഫിയ വീണ്ടും പണമെറിയുന്നു

വിവാദ ശോഭ ഹൈടെക് സിറ്റിക്ക് സമീപം നിയമങ്ങളിൽ തിരിമറി നടത്തി ഭൂമി വാങ്ങിക്കൂട്ടിയ ഭൂമാഫിയ സംരക്ഷിത മേഖലയായ വേമ്പനാട്ട് കായൽ നിലം നികത്തുന്നു. ദരിദ്ര വള്ളത്തൊഴിലാളികൾക്ക് വർഷങ്ങൾക്ക് മുമ്പ് സർക്കാർ പട്ടയം കൊടുത്ത വേമ്പനാട്ട് കായൽ ഭൂമിയാണ് അന്താരാഷ്ട്ര കൺവെൻഷൻ വ്യവസ്ഥകൾ ലംഘിച്ചും രജിസ്ട്രേഷൻ നിയമങ്ങളിൽ തിരിമറി നടത്തിയും തുച്ഛമായ വിലയ്ക്ക് വാങ്ങി നികത്തുന്നത്. ഇതിനെതിരെ റവന്യൂവകുപ്പ് അധികൃതർ ആരംഭിച്ച നടപടി അട്ടിമറിക്കാൻ ഭരണ -പ്രതിപക്ഷ ഭേദമന്യേ ശക്തമായ രാഷ്ട്രീയ സമ്മർദ്ദവുമുണ്ട്. എൽ.ഡി.എഫ്. ഘടകകക്ഷികളുടെ എതിർപ്പ് മൂലം ഇടക്കാലത്ത് 'മോർച്ചറി'യിലായിരുന്ന ശോഭാ ഹൈടെക് സിറ്റിപോലുള്ള വിവാദ പദ്ധതികൾക്കായി വീണ്ടും സർക്കാരും സി.പി.എമ്മും അനുകൂല നടപടി ആരംഭിച്ചതോടെയാണ് പദ്ധതിയുടെ സമീപപ്രദേശത്ത് ഭൂമാഫിയ വീണ്ടും പണമെറിയാൻ തുടങ്ങിയത്. ഹൈടെക് സിറ്റിക്കായി വാങ്ങിയ വളന്തക്കാട് ദ്വീപ് ഉൾപ്പെട്ട മരട് പഞ്ചായത്തിൽ നിന്ന് രണ്ട് കിലോമീറ്റർ അകലെ ചേർത്തല താലൂക്ക് പെരുമ്പളം വില്ലേജിൽ 227/1 സർവ്വേ നമ്പറിൽ ഉൾപ്പെട്ട 2.89 ഏക്കർ വേമ്പനാട്ട് കായൽ ഭൂമിയിലാണ് തിരിമറി. രജിസ്ട്രേഷൻ നിയമവും നീർത്തട സംരക്ഷണ നിയമവും ലംഘിച്ചാണിത്. നീർത്തട സംരക്ഷണത്തിനായി ചേർന്ന 1971 ലെ റാംസാർ കൺവെൻഷൻ പ്രകാരം വേമ്പനാട് കായൽ മുഴുവൻ അന്താരാഷ്ട്രതലത്തിൽ സംരക്ഷിതമേഖലയാണ്. ഇത് പ്രകാരം വേമ്പനാട്ട് കായലിൽനിർമ്മാണ-നികത്തൽ പ്രവർത്തനം പാടില്ല. മാത്രമല്ല സംസ്ഥാന ഉൾനാടൻ ജലഗതാഗത പാതക്ക് തൊട്ടടുത്താണ് കായൽ ഭൂമി കരിങ്കല്ല് കെട്ടി അടച്ച് സ്വന്തമാക്കിയതും. 1982-ലെ എൽ.ഡി.എഫ് സർക്കാരിൽ സി.പി.ഐയിലെ പി.എസ്. ശ്രീനിവാസൻ റവന്യൂ മന്ത്രിയായിരിക്കെയാണ് പെരുമ്പളത്ത് 25ഓളം ദരിദ്ര മൽസ്യ-വള്ളത്തൊഴിലാളികൾക്ക് അഞ്ച് സെന്റ് മുതൽ 20 സെന്റ് വരെ കായൽ ഭൂമി വീട് നിർമ്മിക്കാനായി പതിച്ചുകൊടുത്തത്. റാംസാർ കൺവെൻഷന് വിരുദ്ധമായിരുന്നു സർക്കാർ നടപടി.

ഇങ്ങനെ ഭൂമി ലഭിച്ച 11പേരിൽ നിന്ന് 1985-നും 1994-നുമിടക്ക് നാരായണൻശാന്തിയെന്നയാൾ 3.19 ഏക്കർ ഭൂമി തുച്ഛമായ വിലയ്ക്ക് വാങ്ങുകയായിരുന്നു. ശോഭ ഹൈടെക് സിറ്റിയുടെ കടന്നുവരവോടെയാണ് അതുവരെ വെറുതെ കിടന്ന ഭൂമിയിൽ ഭൂമാഫിയയുടെ കണ്ണ് പതിഞ്ഞതെന്ന് പരിസ്ഥിതി പ്രവർത്തകർ പറയുന്നു. തുടർന്ന് 227/1 സർവേ നമ്പറിൽപെട്ട 3.19 ഏക്കറിൽ 2.89 ഏക്കർ ഈ വർഷമാണ് സംസ്ഥാനത്തെ വിവിധ ജില്ലക്കാരായ നാലുപേരുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകിയത്. ഇവരിൽ ഒരാൾ പ്രദേശത്തെ സി.പി.എം. ലോക്കൽ കമ്മിറ്റി അംഗമാണ്. 660/2010, 661/ 2010 എന്ന നമ്പറിലാണ് ഭൂമിയുടെ വിലയാധാരം, റവന്യൂ രേഖയിലെ വിലയാധാരം. റവന്യൂരേഖയിലെ 'കായൽപുറമ്പോക്ക്' എന്നത് തിരുത്തി 'പുരയിടം' ആക്കിയാണ് രജിസ്ട്രേഷൻ. മത്സ്യകൃഷിക്കായാണ് ഭൂമി വാങ്ങിയതെന്ന പ്രചാരണമാണ് പുറത്തെങ്കിലും 50 സെന്റോളം കരിങ്കൽ മതിൽകെട്ടി അടച്ചതോടെയാണ് നാട്ടുകാർക്ക് സംശയമുണ്ടായത്. അടുത്തപടി കായൽ മണ്ണിട്ട് നികത്തുമെന്ന് വന്നതോടെ സി.പി.ഐയുടേയും ഡി.വൈ.എഫ്.ഐയുടേയും നേതൃത്വത്തിൽ പ്രക്ഷോഭവും പ്രാദേശിക തലത്തിൽ നടന്നിരുന്നു. ചേർത്തല എം.എൽ.എ. തിലോത്തമൻ റവന്യൂ മന്ത്രിയെ സമീപിച്ച് അന്വേഷണവും ആവശ്യപ്പെട്ടു. തുടർന്ന് റവന്യൂ ഉദ്യോഗസ്ഥർ നടത്തിയ അന്വേഷണത്തിൽ നെൽവയൽ-നീർത്തട സംരക്ഷണ നിയമത്തിന്റെ ലംഘനമാണ് നടന്നതെന്നും റാംസാർ കൺവെൻഷൻ പ്രകാരം സംരക്ഷിതമേഖലയായ കായൽ പതിച്ച് നൽകാൻ പാടില്ലെന്നും കണ്ടെത്തി. (കടപ്പാട്: മാധ്യമം ദിനപത്രം)